(സി) മൊത്തം 13,46,02,821 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിലിലേർപ്പെടുന്നതിന് സഹായധനം

26 [5402] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, ശ്രീ. വർക്കല കഹാർ:
,, ഡി. സുഗതൻ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്കും പുരുഷൻമാർക്കും സ്വയംതൊഴിലിലേർപ്പെടുന്നതിന് സഹായധനം നൽകുന്ന സ്കീം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കീമനുസരിച്ച് എന്ത് തുക വീതമാണ് നൽകി വരുന്നത്; ഇതിന്റെ പ്രയോജനം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്രപേർക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിലേയും ന്യൂനപക്ഷത്തിലേയും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പയും മറ്റു വായ്പകളും

27 [5403] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് 2001-02, 2002-03 എന്നീ വർഷങ്ങളിൽ എത്ര പേർക്ക് ഭവനനിർമ്മാണ വായ്പയും വീടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കാനും കക്കൂസുകൾ നിർമ്മിക്കാനും സഹായധനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ച് ഓരോ വിഭാഗത്തിനും നൽകിയ ഗുണഭോക്താക്കളുടെ എണ്ണവും വായ്പത്തുകയും വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) 2003-04 സാമ്പത്തിക വർഷത്തിൽ മേൽപ്പറയപ്പെട്ട സഹായം എത്രപേർക്ക് എന്തു തുക നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് 2001-02 വർഷത്തിൽ 2,000 പേർക്കും 2002-03 വർഷത്തിൽ 442 പേർക്കുംകൂടി ആകെ 2,442 പേർക്ക് ഭവനനിർമ്മാണ ധനസഹായം നൽകി. കൂടാതെ 100% കേന്ദ്ര അധിക

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായപദ്ധതിയായ തീരസമൃദ്ധി പദ്ധതിപ്രകാരം സംസ്ഥാനത്ത് വീടുകളുടെ അറ്റകുറ്റപണികൾ തീർക്കാനും കക്കൂസുകൾ നിർമ്മിക്കാനുമായി 4,000 പേർക്ക് ധനസഹായം നൽകി. തീരസമൃദ്ധി പദ്ധതി 2002-03 സാമ്പത്തിക വർഷം മാത്രം നടപ്പിലാക്കിയ പദ്ധതിയാണ്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) 1500 പേർക്ക് 40,000 രൂപ വീതം ഭവനനിർമ്മാണ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ മൊത്തം ചെലവ് 600 ലക്ഷം രൂപയാണ്. ഭവനങ്ങളുടെ അറ്റ കുറ്റപ്പണി, കക്കൂസ് നിർമ്മാണം എന്നിവ സംബന്ധിച്ച് തീരസമൃദ്ധി 2002-03 വർഷം മാത്രം നടപ്പാക്കിയ പദ്ധതിയാണ്.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം

28 [5404] ശ്രീ. ഡി. സുഗതൻ:
„ കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽ കുമാർ:
„ വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇനി എത്ര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽക്കൂടി ശുദ്ധജലം എത്തിക്കുവാനുണ്ട്;

(സി) ഇനിയും ശുദ്ധജലം ലഭിക്കാത്ത മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ പരിപാടിയുണ്ടോ;

(ഡി) അതിന്റെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം ഇതിനുവേണ്ടി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 87 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ.

(ബി) 135 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഭാഗികമായി ശുദ്ധജലം എത്തിക്കുവാനുണ്ട്. ഇവിടെ ഗ്രാമ പഞ്ചായത്ത് പദ്ധതി മുഖേന ഭാഗികമായി ശുദ്ധജലം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ എല്ലാ ജില്ലകളിലും ഒരുമിച്ച് നടപ്പിലാക്കുന്നതാണ്.

(ഇ) ഓരോ വർഷവും 6 കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly